അവ അംഗീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ കഴിയുന്നുണ്ട്. ഇ-ടെണ്ടറിംഗ്, ഇ-പേയ്മെന്റ് സംവിധാനം വഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ വേഗത്തിലും സുതാര്യമാക്കുവാനും സാധിക്കുന്നുണ്ട്. CPWD ഡേറ്റയും MORTH Specification-ഉം നാഷണൽ ബിൽഡിംഗ് കോഡും Delhi Schedule of rate-ഉം നടപ്പിലാക്കിയതുവഴി പ്രവൃത്തികളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ കഴിയുന്നുണ്ട്. Quality Control ലാബുകൾ മുഖേന നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്.

മൂന്നാർ ഭൂമി ഏറ്റെടുക്കൽ കേസ് പുന:പരിശോധനാ ഹർജി

22(*110) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. പി. കെ.ബഷീർ
ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസിൽ പുനഃപരിശോധനാ ഹർജി തള്ളിയതിനെ തുടർന്നുള്ള സ്ഥിതി വിശേഷം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) നഷ്ടപരിഹാര കാര്യത്തിൽ സർക്കാരിനുണ്ടാവുകുന്ന ബാദ്ധ്യത എത്രത്തോളമെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തു തുടർനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഉണ്ട്. മൂന്നാറിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകളിലെ 696/14, 714/14, 825/14 നമ്പർ പുനഃപരിശോധനാ ഹർജികൾ ബഹുമാനപ്പെട്ട ഹൈക്കോടതി 23-12-2015-ൽ തള്ളി ഉത്തരവായതിനെ തുടർന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ Special Leave Petition ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 10,15,000 (പത്ത് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) രൂപയാണ്.

(സി) മൂന്നാർ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസിൽ പുനഃപരിശോധനാ ഹർജി തള്ളിയതിനെ തുടർന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ Special Leave Petition ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly